# മൃഗപീഢനം: പ്രധാനമന്ത്രി മുഖ്യമന്ത്രിമാർക്ക് കത്തെഴുതി

(പ്രധാനമന്ത്രി ശ്രീ. വാജ്പേയി 31. 5. 2000 തിയ്യതി വെച്ച് എല്ലാ സംസ്ഥാന മുഖ്യമന്ത്രിമാർക്കും എഴുതിയ കത്തിന്റെ പരിഭാഷയാണിത്. ഒരു ഇന്ത്യൻ പ്രധാനമന്ത്രി മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ, ഇത്തരത്തിലൊരു അർദ്ധ ഔദ്യോഗിക (D . O) കത്ത് അയക്കുന്നത് ആദ്യമായാണ്. ഹിമാചൽ പ്രദേശത്തിലെ മണാലിയിൽ നിന്നാണ് കത്തെഴുതിയിരിക്കുന്നത്. )

പ്രിയ മുഖ്യമന്ത്രി (.......പേര്.....)

1. അറവുകേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുപോകുന്ന മൃഗങ്ങളോട് എത്ര ക്രൂരമായാണ് പെരുമാറുന്നത് എന്നതു സംബന്ധിച്ച ഒട്ടേറെ പരാമർശങ്ങൾ ഈയടുത്തയിടെ മാധ്യമങ്ങളിൽ വരുകയുണ്ടായി. കശാപ്പുശാലകളിലെത്തിയാൽ മൃഗങ്ങളെ എത്ര നിഷ്ഠുരമായ രീതിയിലാണ് അറക്കുന്നത് എന്നതു സംബന്ധിച്ച റിപ്പോർട്ടുകളും ഭയാനകം തന്നെ. എങ്ങനെയും പണമുണ്ടാക്കാനുള്ള വ്യാപാരികളുടെ ആർത്തിക്കെതിരെ നമ്മുടെ മൃഗങ്ങളെ സംരക്ഷിക്കാൻ നമുക്കാവാതെ പോയതുകൊണ്ടാണ്, ഇങ്ങനെ ഒരവസ്ഥ ഉണ്ടായതെന്ന് ഞാൻ കരുതുന്നു.

2. മൃഗങ്ങളോടു ക്രൂരത കാട്ടുന്നതെന്നു വിലക്കുന്ന നിയമങ്ങൾ 'മൃഗങ്ങളോടുള്ള പീഢനം തടയൽ നിയമ'ത്തിലും (P.C.A. Act) അതിനനുബന്ധമായുണ്ടാക്കിയ ചട്ടങ്ങളിലും കാറ്റിൽ പ്രിസർവേഷൻ ആക്ടിലും ബി.എസ്.ഐ.യുടെ നിർദ്ദിഷ്ട നിലവാരങ്ങളിലും ഇന്ത്യൻ ശിക്ഷാനിയമത്തിലെ (I.P.C.) 428, 429 വകുപ്പുകളിലും ഇപ്പോൾത്തന്നെ നിലവിലുണ്ട്. അറവുശാലകളിലേയ്ക്ക് മൃഗങ്ങളെ വാഹനങ്ങളിൽ കയറ്റിക്കൊണ്ടുപോകൽ, ഓരോ ഇനം വാഹനങ്ങളിലും കയറ്റിക്കൊണ്ടുപോകാവുന്ന മൃഗങ്ങളുടെ എണ്ണം, അവയുടെ ഭക്ഷണത്തിനും കുടിവെള്ളത്തിനും വേണ്ട സജ്ജീകരണങ്ങൾ, മൃഗങ്ങളെ കൊല്ലാനുപയോഗിക്കാവുന്ന സമ്പ്രദായങ്ങൾ, മൃഗങ്ങളെ നിയമവിരുദ്ധമായി ലേലം ചെയ്യൽ, ഇറച്ചിക്കായി കൊല്ലുന്ന മൃഗങ്ങളുടെ പ്രായം എന്നിവയെക്കുറിച്ചൊക്കെ വിശദമായി പ്രതിപാദിക്കുന്ന നിയമങ്ങൾ ഇവയിലുണ്ട്. അവ കർശനമായി നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റുകൾ തയ്യാറാകണം.

3. നിലവിലുള്ള നിയമങ്ങൾ പഴുതുകളില്ലാതെ നടപ്പാക്കുന്നതിനു പുറമെ, സന്നദ്ധസംഘടനകളുടെ സേവനം കൂടി ഈ മേഖലയിൽ ഉപകാരപ്പെടുത്തേണ്ടതുണ്ട്. മൃഗങ്ങളോടുള്ള ക്രൂരതകൾക്കെതിരെയുള്ള സംഘടന (S.P.C.A.) രാജ്യത്തിന്റെ പലയിടങ്ങളിലും രൂപീകരിക്കപ്പെട്ടിട്ടില്ല, അഥവാ നിർജീവമാണ് എന്നു ഞാൻ മനസ്സിലാക്കുന്നു. സംസ്ഥാന ഗവൺമെന്റുകൾ മുൻകയ്യെടുത്ത് എസ്.പി.സി.എ. രൂപീകരിക്കുകയും മൃഗപരിപാലനകാര്യത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പിക്കുകയും വേണം.

4. ഈയടുത്തകാലം വരെ യൂറോപ്പിലും മറ്റെല്ലായിടങ്ങളിലും മൃഗങ്ങളോട് ക്രൂരമായി പെരുമാറിവന്നിരുന്നു. മൃഗങ്ങളെ കൊല്ലാനും അവയുടെ ഗതാഗതത്തിനും ഉപയോഗിച്ചുവരുന്ന ക്രൂരതകളെക്കുറിച്ച് ജനരോഷമുയർന്ന സാഹചര്യത്തിൽ, ഈ മിക്ക രാജ്യങ്ങളിലും ഗവൺമെന്റുകളും സാമൂഹ്യസംഘടനകളും ഒത്തുചേർന്ന് നിയമങ്ങൾ നടപ്പാക്കാനും മൃഗങ്ങൾക്ക് കുറേക്കൂടി മെച്ചപ്പെട്ട ജീവിതാവസ്ഥ നൽകാനും സാഹചര്യമൊരുക്കി. നിങ്ങളുടെ സഹകരണമുണ്ടെങ്കിൽ ഇവിടെയും അത്തരമൊരു ചുറ്റുപാട് സൃഷ്ടിക്കാനാകുമെന്നതിൽ എനിക്കു സംശയമില്ല.

5. നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കിയും നിങ്ങളുടെ സംസ്ഥാനത്തെ സന്നദ്ധസംഘടനകളെക്കൂടെ സഹകരിപ്പിച്ചും മൃഗങ്ങൾക്ക് കുറേക്കൂടി മനുഷ്യത്വത്തോടുകൂടി പരിചരണം ലഭിക്കുന്ന അവസ്ഥ സൃഷ്ടിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമല്ലോ. ഈ വിഷയത്തിൽ നിങ്ങളുടേതായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

(ഒപ്പ്)

എ.ബി. വാജ്പേയി